# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6637** **21.11.2019-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടി</u>**

| <u>ചോദ്യം</u><br>ശ്രീ.വി. അബ്ദുറഹിമാൻ | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനും വിദ്യാഭ്യാസ ഉന്നതിക്കുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനും വിദ്യാഭ്യാസ ഉന്നതിക്കുമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| ബി) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ഉൾപ്പെടെയുള്ള പദ്ധതികൾ വേഗത്തിലും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ വിശദമാക്കാമോ? | ബി) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ഉൾപ്പെടെയുള്ള പദ്ധതികൾ വേഗത്തിലും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം (എ)

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനും വിദ്യാഭ്യാസ ഉന്നതിക്കുമായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ്മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ നൽകി വരുന്നു. മത്സ്യത്തൊഴിലാളികളുടെ പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നു. കൂടാതെ താഴെ പറയുന്ന പദ്ധതികളും നടപ്പാക്കി വരുന്നു.

1) വിദ്യാതീരം പദ്ധതി

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, റസിഡൻഷ്യൽ ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം**

| വർഷം | പരിശീലനം ലഭിച്ചവർ | എം.ബി.ബി.എസ്സിന് അഡ്മിഷൻ ലഭിച്ചവർ | BDS, BAMS,BVSc, BHMS കോഴ്സിന് അഡ്മിഷൻ ലഭിച്ചവർ | ഇതര കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർ | ആകെ |
|---|---|---|---|---|---|
| 2015-16 | 47 | 11 | 4 | 14 | 29 |
| 2016-17 | 33 | 7 | 2 | 8 | 17 |
| 2017-18 | 50 | 6 | 8 | 11 | 25 |
| 2018-19 | 56 | 10 | 4 | 11 | 23 |
| **ആകെ** | **186** | **34** | **18** | **44** | **94** |

2016-17 മുതൽ 2018-19 വരെ ബാങ്ക് ടെസ്റ്റിന് 85 പേർക്കും സിവിൽ സർവ്വീസിന് 21 പേർക്കും പി.എസ്.സി ക്ക് 198 പേർക്കും പരിശീലനത്തിന് ധനസഹായം നൽകി.

2) മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി:- മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാനത്തുടനീളം അപേക്ഷകൾ ക്ഷണിച്ചു. വിദ്യാർത്ഥികളെ കണ്ടെത്തി ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതി പ്രകാരം 2016-17 ൽ 10 വിദ്യാർത്ഥികൾക്കും 2017-18 ൽ 15 പേർക്കും 18-19 ൽ 11 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

3) ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി:- വലിയതുറ, താനൂർ, ബേപ്പൂർ, അഴീക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 24.71 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു.

4) കരിയർ ഗൈഡൻസ് പദ്ധതി

തീരദേശ സ്കൂളുകളിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസരംഗത്തെ സാധ്യതകൾ പരിചയപ്പെടുത്തുന്നത് ലക്ഷ്യമിട്ടു കൊണ്ട് കരിയർ ഗൈഡൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 60 കരിയർ ഗൈഡൻസ് നടത്തുന്നതിനായി, 18 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷം ജില്ലകൾക്ക്

നൽകി പദ്ധതി നടപ്പാക്കി വരുന്നു. 2016-17-ൽ 72 ഉം 2017-18 ൽ 40 ഉം 2018-19 ൽ 40 ഉം കരിയർ ഗൈഡൻസ് ക്ലാസ്സുകൾ തീരദേശത്തെ സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്.

5) ജി.ആർ.എഫ്.ടി.എച്ച്.എസ്സുകളിലെ പ്രവർത്തന ചെലവിനങ്ങൾക്കായി ധനസഹായം നൽകുന്ന പദ്ധതി:-

വകുപ്പിന്റെ കീഴിലുള്ള 10 ജി.ആർ.എഫ്.ടി.എച്ച്.എസ്സുകളുടെ പ്രവർത്തന ചെലവിനങ്ങളായ മെസ്സ് അലവൻസ് യൂണിഫോം, പാഠപുസ്തകങ്ങൾ കൗൺസിലിംഗ്, സ്റ്റഡിടൂർ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോച്ചിംഗ്, മെഡിക്കൽ കെയർ, മൈക്രോടീച്ചിംഗ് മറ്റു ചെലവുകൾക്കായി 244.20 ലക്ഷം രൂപ 10 സ്കൂളുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

6) സ്മാർട്ട് ക്ളാസ് റൂം

ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെ 29 സ്കൂളുകളിൽ 40 സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ചു വരുന്നു.

7). കായിക പരിശീലന പദ്ധതി

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ കായിക പുരോഗതിക്കായി 10 ജി.ആർ.എഫ്.റ്റി.എച്ച് എസുകളിലും തീരദേശത്തെ 4 സ്ക്കൂളുകളിലും കായിക പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു.

2018 വർഷം ഓഖി ചുഴലി കൊടുങ്കാറ്റിൽ മരണപ്പെട്ടതോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 318 വിദ്യാർത്ഥികൾക്ക് ഡിഗ്രിതലം സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി 1392.82 ലക്ഷം രൂപ സി.എം.ഡി.ആർ.എഫിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നം 2018 അദ്ധ്യയന വർഷം പ്രസ്തുത പദ്ധതി പ്രകാരം 162 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 56.95 ലക്ഷം രൂപയും 2019 അദ്ധ്യയന വർഷം 65 ലക്ഷം രൂപയും തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുളള പദ്ധതിയാണിത്.

**സെക്ഷൻ ആഫീസർ**

അനുബന്ധം (ബി)

ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). ബി.ഐ.എഫ്&എച്ച്.ഡി.എഫ് (2016-17) സമഗ്ര ഭവന പദ്ധതി

ഭൂരഹിതരും ഭവന രഹിതരുമായ 800 മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിന് 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെ ധന സഹായം നൽകുന്നു. പദ്ധതി പ്രകാരം സ്ഥലം വാങ്ങിയ 699 പേരിൽ 620 പേർ ഇതിനകം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2. കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം - പ്രത്യേക പാക്കേജ് (2016-17)

കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. പദ്ധതി പ്രകാരം സ്ഥലം വാങ്ങിയ 129 പേരിൽ 117 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

3. ബി.ഐ.എഫ്&എച്ച്.ഡി.എഫ് (2017-18) ഭവന പദ്ധതി

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. 750 പേർക്കാണ് ധനസഹായം അനുവദിക്കുന്നത്. പദ്ധതി പ്രകാരം സ്ഥലം വാങ്ങിയ 433 പേരിൽ 239 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകി. കടൽ തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സ്ഥലവും വീടും നൽകി പുനരധിവസിപ്പിക്കുന്ന വിവിധ പദ്ധതികളിലായി 2016-17 2017-18 വർഷങ്ങളിലായി 1798 മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 1261 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തി നായി 772 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി (2017-18) ൽ 78.20 രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നവരുമായ മത്സ്യത്തൊഴിലാളികളെയാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യു.എസ്.എസ് കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി പുരോഗമിച്ചു വരുന്നു.

തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതിയ്ക്കായി 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതാണ്. 2019-20 മുതൽ 2021-22 വരെ കാലയളവിൽ മൂന്ന് ഘട്ടമായാണ് പദ്ധതി നടപ്പാക്കുന്നത്. ആകെ 18,685 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാഥമിക നടപടികളുടെ ഭാഗമായി തീരദേശത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളുടെ വിവരശേഖരണം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**